THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

AIM HIGH, TOGETHER WE FLY

# QUESTION BANK

## ലക്ഷ്മണ സാന്ത്വനം

| | അർത്ഥം എഴുതുക |
|---|---|
| 1 | സുമിത്രയുടെ പുത്രൻ ആയിട്ടുള്ളവനെ |
| 2 | ഉപേക്ഷിച്ച് |
| 3 | പ്രവർത്തി |
| 4 | പാമ്പ് |
| 5 | കാലമാകുന്ന പാമ്പിനാൽ |
| | വിപരീതപദം |
| 6 | സംയോഗം |
| 7 | അജ്ഞാനം |

| | |
|---|---|
| 8 | അദൃശ്യം |
| 9 | അവിഘ്നം |
| 10 | അസ്ഥിരം |
| | നാനാർത്ഥം |
| 11 | നാശം,ഒരു രോഗം |
| 12 | പൊരുൾ,സമ്പത്ത് |
| 13 | പൊങ്ങുതടി,വിസർജ്യം |
| 14 | ഇളകുന്നത്,ക്ഷണികം |
| 15 | ഒരു നക്ഷത്രം,ധാരാളം ഉള്ള അവസ്ഥ |
| 16 | അംഗവാക്യം അംഗിവാക്യം എഴുതുക<br>അംഗവാക്യം - എല്ലാവരും ഉറങ്ങിക്കിടന്നപ്പോൾ അശ്വദ്ധാമാവും കൃപരും കൃതവർമാവും പാണ്ഡവരുടെ പടകുടീരത്തിൽ പ്രവേശിച്ച്<br>അംഗിവാക്യം- സകലരേയും വെട്ടിയും കുത്തിയും കൊല ചെയ്തു |

| | |
|---|---|
| 17 | പ്രയോഗം മാറ്റുക<br><br>മഹാഭാരതം എന്ന ഇതിഹാസം വ്യാസനാൽ രചിക്കപ്പെട്ടു |
| | ഉത്തരം എഴുതുക |
| 18 | ലോക സുഖങ്ങളെല്ലാം മിന്നൽപിണർ പോലെ ക്ഷണികമാണ്. ചുട്ടുപഴുത്ത ലോഹത്തിൽ പതിക്കുന്ന വെള്ളത്തുള്ളി പോലെ മനുഷ്യ ആയുസ്സ് വളരെ വേഗം നശിച്ചു പോകും.പാമ്പിന്റെ വായിൽ അകപ്പെട്ട തവള ഭക്ഷണത്തിന് ആഗ്രഹിക്കുന്നത് നിരർത്ഥകമാണ്.അതുപോലെയാണ് കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ട് മരണത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യൻ,ലൗകിക സുഖങ്ങൾ ആഗ്രഹിച്ച് അതിനു പിന്നാലെ പായുന്നത്. പുത്രന്മാർ മിത്രങ്ങൾ സമ്പത്ത് ഭാര്യ എന്നീ ബന്ധങ്ങളെല്ലാം അൽപകാലത്തേക്ക് മാത്രമാണ്. വഴിയമ്പലങ്ങളിൽ ക്ഷീണിതരായ വഴിയാത്രക്കാർ ഒത്തുകൂടുകയും ക്ഷീണം അകറ്റിയ ശേഷം താന്താങ്ങളുടെ വഴിപിരിഞ്ഞു പോവുകയും വെള്ളത്തുപോലെയും നദിയിലൂടെ തടിക്കഷണങ്ങൾ ഒഴുക്കിന്റെ ഗതി അനുസരിച്ച് ഒന്നിച്ചു ചേരുകയും പിരികയും ചെയ്തു ഒഴുകുന്നത് പോലെയും ക്ഷണികമാണ്,ഭവനങ്ങളിൽ ഉള്ള ആലയ സംഗമം. ഐശ്വര്യവും യൗവനവും ആരിലും സ്ഥിരമായി നിൽക്കില്ല.ഭാര്യയോടുള്ള ജീവിതം സ്വപ്നം പോലെ നൈമിഷികമാണ്.രാഗം,ദ്വേഷം, മദം, മാത്സര്യം,ലോഭം എന്നിവകൊണ്ടു നിറഞ്ഞ ഈ ലോകവും സ്വപ്നത്തിന് തുല്യമാണ്. |

| | |
|---|---|
| 19 | കോപം കൊണ്ട് എന്തും ചെയ്യാൻ തയ്യാറായി നിൽക്കുന്ന ലക്ഷ്മണനെ ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ ശ്രീരാമൻ പറയുന്ന ഉദാഹരണമാണ് മേൽ വരികളിൽ ഉള്ളത്. കാലാഹി എന്നാൽ കാലമാകുന്ന പാമ്പ് എന്നർത്ഥം.കവിതയിൽ എഴുത്തച്ഛൻ കാലത്തെ പാമ്പിനോടും മനുഷ്യനെ പാമ്പിന്റെ വായിൽ അകപ്പെട്ട തവളയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. പാമ്പിന്റെ വായിൽ അകപ്പെട്ട തവള ഭക്ഷണത്തിന് യാചിക്കുന്നത് കൊണ്ട് യാതൊരു പ്രയോജനവുമില്ല മാത്രമല്ല അതിന്റെ ജീവിതം അല്പ നിമിഷങ്ങൾക്കകം അവസാനിക്കുകയും ചെയ്യും ജനം കാലമാകുന്ന പാമ്പിനാൽ ചുറ്റപ്പെട്ടിരിക്കുകയാണ്. അത് നമ്മെ ഏതുനേരവും വിഴുങ്ങാം. ആ സ്ഥിതിക്ക് നാം സുഖഭോഗങ്ങൾ തേടുന്നതിൽ യാതൊരു അർത്ഥവുമില്ല.ജീവിതം ക്ഷണികമാണെന്നും അത് മനസ്സിലാക്കാതെ മനുഷ്യൻ സുഖത്തിനു വേണ്ടി കാംക്ഷിക്കുന്നത് പാമ്പിന്റെ വായിൽ ഇരുന്ന് ഭക്ഷണത്തിനുവേണ്ടി യാചിക്കുന്ന തവളയെ പോലെയാണെന്നും ഉപമിച്ചിരിക്കുന്നു.കാലത്തെ പാമ്പായി സങ്കൽപ്പിച്ചതിൽ നിന്ന് അത് നമ്മെ എപ്പോൾ വേണമെങ്കിലും വിഴുങ്ങാമെന്ന് സൂചിപ്പിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. |

| | |
|---|---|
| 20 | മനുഷ്യർ തങ്ങളിലും രാജ്യങ്ങൾ തമ്മിലും കലഹം വർദ്ധിച്ചു വരുന്നതായി കാണുന്നു.തുടർന്ന് അക്രമങ്ങളും അതിനോട് അനുബന്ധിച്ച് കൊലപാതകങ്ങളും ഇന്ന് സർവ്വസാധാരണമായിരിക്കുന്നു. ഇതിനെല്ലാം കാരണം ക്രോധം അഥവാ കോപമാണ്.കാമക്രോധലോഭമോഹാദികൾ മനുഷ്യന്റെ ശത്രുക്കൾ ആകുന്നു.ഇതിൽ നമ്മുടെമുക്തിക്കു വിഘ്നം വരുത്തുന്നത് ക്രോധമാണ്.അച്ഛനമ്മമാരെയും സഹോദരങ്ങളേയും സുഹൃത്തുക്കളെയും സ്വന്തം ഭാര്യയെ പോലും ക്രോധം കൊണ്ട് മനുഷ്യൻ ഇല്ലായ്മ ചെയ്യുന്നു.നാട്ടിൽ നടക്കുന്ന ഓരോ അതിക്രമങ്ങൾക്കു പിന്നിലും പെട്ടെന്നുണ്ടാകുന്ന ക്രോധമാണ് കാരണമെന്ന് മനസ്സിലാക്കാവുന്നതാണ്.ക്രോധം എന്നും നമുക്ക് മനസ്താപം ഉണ്ടാക്കുകയാണ് ചെയ്യുന്നത്. മാത്രമല്ല നമ്മുടെ ജീവിതത്തിൽ പ്രതിസന്ധി ഉണ്ടാക്കുന്നതും ധർമ്മനാശങ്ങൾക്ക് കാരണമാകുന്നതും ക്രോധമാണ്. നല്ലയാളുകൾ ക്രോധത്തിന് വശംവദരാകരുത്.എന്ത് പ്രതിസന്ധി ഉണ്ടായാലും അത് സമചിത്തതയോടെ നേരിടണം അറിവുള്ളവർ ക്രോധം ഉപേക്ഷിച്ച് മാതൃക കാട്ടിയാൽ മറ്റുള്ളവർക്കും അത് പ്രയോജനപ്പെടും. ക്രോധം കൊണ്ട് കലിതുള്ളി നിൽക്കുന്നവരെ നേർവഴിക്ക് നയിക്കാനും നല്ല ആളുകൾക്ക് കഴിയും.അങ്ങനെ നമ്മുടെ നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനിഷ്ട സംഭവങ്ങൾക്ക് മാറ്റം ഉണ്ടാകട്ടെ |